Deshabhimani 09-09-18, P-2

# കോളിൽ വിളയും പുതുജീവനായി ഇരുപ്പൂ കൃഷി

- 3000 ഏക്കർ കൃഷിയിടത്തിലെ വെള്ളം വറ്റിക്കുന്നതിനുള്ള നടപടി ഊർജിതമാക്കി
- പാടശേഖരങ്ങളുടെ കൈവശത്തിലുള്ള ട്രില്ലർ, ട്രാക്ടർ, കൊയ്ത്ത്, നടീൽ മെഷീൻ എന്നിങ്ങനെ പല കാർഷിക ഉപകരണങ്ങളും വെള്ളം കയറി നശിച്ചു

**സി എ പ്രേമചന്ദ്രൻ**



ഇരുപ്പൂ കൃഷി തുടങ്ങുന്നതിന് മുന്നോടിയായി ഏനാമാവ് കോൾനിലങ്ങളിൽ പുല്ലുവലിക്കുന്ന സ്ത്രീകൾ

**തൃശൂർ**

പ്രളയം തകർത്തെറിഞ്ഞെങ്കിലും കോൾമേഖലയിൽ ഇരുപ്പൂ കൃഷി ഇറക്കും. നെൽകൃഷി മേഖലയിൽ വൻ കുതിപ്പ് പ്രതീക്ഷിക്കുന്ന ഓപ്പറേഷൻ കോൾ ഡബിൾ പദ്ധതി തുടരും. വെങ്കിടങ്ങ് പഞ്ചായത്തിൽ കോളിലെ വെള്ളംവറ്റിച്ച് ഇരുപ്പൂ കൃഷിയിറക്കുന്നതിനുള്ള നടപടി തുടങ്ങി. കള നീക്കലും കുളവാഴകൾ നീക്കുന്ന പ്രവൃത്തിയും പുരോഗമിക്കുകയാണ്.

1000 ഏക്കർ കൃഷി ഇറക്കാനായിരുന്നു ലക്ഷ്യം. എന്നാൽ 2000 ഏക്കറിൽ കൂടി കൃഷിയിറക്കാനായി കർഷകർ മുന്നോട്ടുവന്നു. അതിനാൽ 3000 ഏക്കർ കൃഷിയിടത്തിലെ വെള്ളം വറ്റിയ്ക്കുന്നതിനുള്ള നടപടി ഊർജിതമാക്കി. മോട്ടോർ പമ്പുസെറ്റുകളുടെ അറ്റകുറ്റപ്പണി ദ്രുതഗതിയിൽ പൂർത്തിയായി വരികയാണ്. അത്തം ഞാറ്റുവേല തുടങ്ങുന്ന 27 ന് വിത്തിടൽ ആരംഭിക്കും. വെള്ളംവറ്റിച്ച പ്രദേശങ്ങളിൽ നേരത്തെ വിതയ്ക്കും. പ്രളയത്തിനുശേഷമുള്ള കർഷകരുടെ സമർപ്പണമായി പദ്ധതി കാണുകയാണെന്ന് കോൾഡബിൾ ചീഫ് എക്സി. ഓഫീസർ ഡോ.യു ജയകുമാർ പറഞ്ഞു. അടുത്ത കൃഷിയിറക്കാനുള്ള ഒരുക്കം മുൻകൂട്ടി തുടങ്ങും. ഈ കൃഷി നടക്കുമ്പോൾ തന്നെ സമാന്തരമായി ഞാറ് നടും. കൊയ്ത്തു കഴിഞ്ഞാലുടൻ സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി നിലം ഒരുക്കലും വേഗതയിലാക്കുമെന്നും അദ്ദേഹം പറഞ്ഞു.

ഇരുപ്പൂ കൃഷി ആഗസ്ത് 17ന് തുടങ്ങാനായിരുന്നു ലക്ഷ്യം. ചിങ്ങപ്പുലരിയിൽ വെങ്കിടങ്ങ് പൊണ്ണമുത കോൾപടവിൽ ഉദ്ഘാടനവും നിശ്ചയിച്ചിരുന്നു. എന്നാൽ പ്രളയത്തിൽ മുങ്ങിപ്പോയി. ഈ വർഷം അന്തിക്കാട്, മുല്ലശേരി, ചേർപ്പ്, പുഴയ്ക്കൽ ബ്ലോക്കുകളിൽ 22 കോൾപടവുകളിൽ ഇരുപ്പൂ കൃഷിയിറക്കാൻ മുന്നോട്ടുവന്നിരുന്നു. മറ്റു പടവുകളിലും ഇതിനായി നടപടി തുടങ്ങിയിരുന്നു. വർഷങ്ങളായി ഒരുപൂ കൃഷിമാത്രമാണ് കോൾനിലങ്ങളിൽ ഇറക്കുന്നത്. നെൽകൃഷിയിൽ കുത്തനെയുള്ള വർധനയാണ് പദ്ധതിലക്ഷ്യമിടുന്നത്.

ജില്ലയിലെ കോൾനിലങ്ങളിൽ കനത്ത നാശമാണ് പ്രളയം വരുത്തിയത്. 120 പാടശേഖരങ്ങളിൽ പമ്പിങ്ങിന് ഉപയോഗപ്പെടുത്തുന്ന മോട്ടോർ, പെട്ടിപ്പറ, മോട്ടോർ ഷെഡുകൾ, സ്ലൂയിസുകൾ എന്നിവ നശിച്ചു. മുന്നൂറോളം മോട്ടോറുകൾ വെള്ളത്തിൽ മുങ്ങി. പലതും ഒലിച്ചുപോയി. മോട്ടോർ റിവൈൻഡിങ്, സ്റ്റാർട്ടർ റിപ്പയർ, ഇഎൽസിബി ഓയിൽ മാറ്റൽ, ബെൽറ്റ്, പെട്ടി, പറ ഉപകരണങ്ങൾ, മോട്ടോർ ഷെഡ് റിപ്പയർ, സ്ലൂയിസുകളുടെ നഷ്ടപ്പെട്ട പലക, ബണ്ടിൽ കഴ വീണത് ശരിയാക്കൽ എന്നിവ തകർന്നു. കെഎൽഡിസി നിർമിച്ച ബണ്ടുകൾ കവിഞ്ഞ് ഒഴുകി മണ്ണ് നഷ്ടപ്പെട്ടു. ബണ്ടുകൾ ഇടിഞ്ഞുപോയ നഷ്ടവും കനത്തതാണ്. പാടശേഖരങ്ങളുടെ കൈവശത്തിലുള്ള ട്രില്ലർ, ട്രാക്ടർ, കൊയ്ത്ത് മെഷീൻ, നടീൽ മെഷീൻ എന്നിങ്ങനെ മറ്റു പല കാർഷിക ഉപകരണങ്ങളും വെള്ളം കയറി നശിച്ചു. ഇതെല്ലാം അതിജീവിച്ചാണ് പുത്തൻകൃഷി ഇറക്കുന്നത്.

തൃശൂർ, മലപ്പുറം ജില്ലകളിൽ ഏകദേശം 13632 ഹെക്ടറിൽ കോൾനിലം വ്യാപിച്ചുകിടക്കുന്നു. ജില്ലയിൽ തൃശൂർ, മുകുന്ദപുരം, ചാവക്കാട്, തലപ്പിള്ളി താലൂക്കുകളിലാണിത്. ജില്ലയിൽമാത്രം 11674 ഹെക്ടർ കോൾപ്പാടമുണ്ട്.